**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 370** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറിമാരും എഞ്ചിനീയറിംഗ് വിഭാഗവും ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് കാരണം വികസന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ജീവനക്കാരുടെ അഭാവം ചിലയിടങ്ങളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .ത്വരിത ഗതിയിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഓൺലൈൻ സ്ഥലംമാറ്റം ആദ്യമായി ഏർപ്പെടുത്തി സുതാര്യവും വ്യവസ്ഥാപിതവുമായ ഒരു സംവിധാനം നിലവിൽ കൊണ്ട് വന്നിട്ടുണ്ട്. ഇതിൽപ്പെടാതെ ഒഴിവുകൾ വന്ന ഇടങ്ങളിൽ ജീവനക്കാരെ പ്രൊമോഷൻ / സ്ഥലംമാറ്റം വഴി നിയമിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . |
| (ബി) | കണ്ണൂർ ജില്ലയിൽ നിലവിൽ സെക്രട്ടറിമാരും, അസിസ്റ്റന്റ് എഞ്ചിനീയർമാരും ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്ന കാര്യം പരിശോധിക്കുമോ; | (ബി) | കണ്ണൂർ ജില്ലയിൽ കുന്നോത്തുപറമ്പ, മാടായി ,മാട്ടൂൽ, നടുവിൽ, രാമന്തളി, എന്നീ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവും ഉളിക്കൽ, പയ്യന്നൂർ, അയ്യൻകുന്ന്, തില്ലെങ്കേരി, കൊളച്ചേരി, മാലൂർ, പേരാവൂർ, മുഴക്കുന്നൂർ, കേളകം, കോലയാട്, നടുവിൽ, ഉദയഗിരി, മാട്ടൂൾ, ന്യൂ മഹി, ചെറുപുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലും തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലും അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവും ഉണ്ട്.<br><br>പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (സി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സെക്രട്ടറിമാരുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിലെയും ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കമോ? | (സി) | 31.07.2023 ലെ LSGD/491/2023-DEA3-Part(1) നമ്പർ ഉത്തരവ് പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 89 സെക്രട്ടറി തസ്തികകളിൽ പ്രൊമോഷൻ മുഖേന നിയമനം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം റീജിയണൽ ഓഫീസറുടെ 05-07-2023 ലെ RE (3)96/2020 നമ്പർ അഡ്വൈസ് പ്രകാരം 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഡ്വൈസ് |

| | | | |
|---|---|---|---|
| | | | ആയിട്ടുണ്ട്.ആയതിൻ പ്രകാരം കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ